# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.162/PR/PIC/PHQ/14 Date : 07.07.2014

## "സ്മൈൽ പദ്ധതി" റോഡപകടമരണങ്ങൾ കുറയ്ക്കാനുള്ള ഫലപ്രദമായ ഇടപെടൽ- മുഖ്യമന്ത്രി ഉമ്മൻചാണ്ടി

റോഡപകടങ്ങൾ ഉണ്ടാവുമ്പോൾ അടിയന്തര ഇടപെടലിനായി ആരോഗ്യ വകുപ്പുമായി ചേർന്ന് കേരള പോലീസ് ആവിഷ്കരിച്ച 'സ്മൈൽ പദ്ധതി' റോഡപകടമരണങ്ങൾ കുറയ്ക്കാനുള്ള ഏറ്റവും ഫലപ്രദമായ ഇടപെടലാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രസ്താവിച്ചു. *സീംലെസ്സ് മെഡിക്കൽ ഇന്റർവെൻഷൻ ഫോർ ലൈഫ്കെയർ & എമർജൻസി (സ്മൈൽ)* പദ്ധതിയുടെ ഉദ്ഘാടനം തിരുവനന്തപുരം തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. റോഡപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കൂടിവരികയാണ്. അപകടങ്ങളിൽ പ്പെടുന്നവരുടെ ജീവൻ രക്ഷിക്കാൻ ഏറ്റവും ഫലപ്രദമാകുമെന്നു പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് സർക്കാരിന്റെ എല്ലാ പിന്തുണയും സഹായവുമുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു.

റോഡപകടങ്ങൾ ഉണ്ടായാൽ എത്രയും വേഗം ശരിയായ പ്രഥമശുശ്രൂഷ നൽകി പരിക്കേറ്റയാളെ ആശുപത്രിയിൽ എത്തിക്കാൻ പോലീസിനെ പ്രാപ്തമാക്കുകയെന്നതാണ് *സ്മൈൽ* പദ്ധതികൊണ്ട് ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ആഭ്യന്തര- വിജിലൻസ് വകുപ്പു മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. റോഡപകടത്തിൽ പരിക്കേറ്റയാളെ സംബന്ധിച്ച് *ഗോൾഡൻ അവർ* എന്നറിയപ്പെടുന്ന അപകടശേഷമുള്ള ആദ്യമണിക്കൂറിൽ ലഭിക്കുന്ന ശരിയായ പ്രഥമശുശ്രൂഷയാണ് ജീവൻ നിലനിർത്തുവാനും പരിക്കുകളുടെ കാഠിന്യം കുറയ്ക്കാനും സഹായിക്കുന്നത്. പലപ്പോഴും അപകടങ്ങൾ ഉണ്ടാകുമ്പോൾ വെള്ളം നൽകേണ്ടാത്ത സമയത്ത് അതുനൽകുക, ഇരുത്താൻ പാടില്ലാത്ത സമയത്ത് ഇരുത്തുക തുടങ്ങി അറിവില്ലായ്മമൂലം ചെയ്യുന്ന പലതും അപകടത്തിനിരയായ ആളിന്റെ മരണത്തിനിടയാക്കും. ഇത് ഒഴിവാക്കുന്നതിന് ആദ്യമണിക്കൂറിൽ ഫലപ്രദമായ പ്രഥമ ശുശ്രൂഷയും ട്രോമാ കെയറും നൽകാൻ ട്രാഫിക് ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കും. ആരോഗ്യ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന ഈ പദ്ധതിപ്രകാരം ആശുപത്രിയിലെത്തിക്കുന്നതിനു മുൻപുള്ള പ്രഥമ ശുശ്രൂഷയ്ക്ക് ആവശ്യമായ ഉപകരണങ്ങളും അത്യാവശ്യം വേണ്ട മരുന്നുകളും ആരോഗ്യവകുപ്പ് നൽകും. ഇതുവഴി റോഡപകടമരണങ്ങൾ വലിയതോതിൽ കുറയ്ക്കാനാവുമെന്നാണ് പ്രതീക്ഷ.

ദേശീയപാതകളിൽ പോലീസിന്റെ ക്യാമറ നിരീക്ഷണം വന്നതോടെ അമിതവേഗവും അതുമൂല മുള്ള അപകടങ്ങളും കുറഞ്ഞിട്ടുണ്ട്. *സ്മൈൽ* പദ്ധതി കൂടി വരുന്നതോടെ അപകടമരണനിരക്ക് ഇനിയും കുറയ്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

ആരോഗ്യവകുപ്പ് മന്ത്രി വി.എസ്.ശിവകുമാർ, മേയർ കെ.ചന്ദ്രിക, സംസ്ഥാന പോലീസ് മേധാവി കെ.എസ്. ബാലസുബ്രഹ്മണ്യൻ, എ.ഡി.ജി.പിമാരായ എം.എൻ കൃഷ്ണമൂർത്തി, ആർ.ശ്രീലേഖ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ.വി.ഗീത, ആരോഗ്യ വകുപ്പ് ഡയറക്ടർ പി.കെ ജമീല, തിരുവനന്തപുരം ഡെപ്യൂട്ടി പോലീസ് കമ്മീഷണർ എസ്. അജിതാ ബീഗം എന്നിവർ പങ്കെടുത്തു.

ട്രോമ കെയർ പരിശീലനം ഘട്ടംഘട്ടമായി ട്രാഫിക് പോലീസിനും എ.ആർ ക്യാമ്പ് അംഗങ്ങൾക്കും ലോക്കൽ പോലീസിനും നൽകും. പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഹൈവേ ജാഗ്രതാ സമിതികളും പദ്ധതിയിൽ വിഭാവനം ചെയ്യുന്നുണ്ട്.

**********